പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 341 — 24/06/2014-ൽ മറുപടിക്ക്

# പൂർത്തിയാകാത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ജി.എസ്. ജയലാൽ<br>,, കെ. അജിത് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് പൂർത്തിയാകാത്ത ചെറുകിട ജലവൈദ്യുത പദ്ധതികളുണ്ടോ; ഇവ ഓരോന്നും ഏതെല്ലാം കാലയളവുകളിൽ പൂർത്തിയാകേണ്ടതായിരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(എ) ഉണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | പദ്ധതി | സ്ഥാപിത ശേഷി (MW) | വാർഷിക ഉല്പാദന ശേഷി (Mu) | കരാർ പ്രകാരം പൂർത്തിയാകേണ്ടിയിരുന്ന തീയതി |
|---|---|---|---|---|
| 1 | വിലങ്ങാട് | 7.5 | 22.63 | 07.03.2012 |
| 2 | ബാരപ്പോൾ | 15 | 36 | 04.03.2013 |
| 3 | ചിമ്മിനി | 2.5 | 6.7 | 02.02.2014 |
| 4 | പെരുന്തേനരുവി | 6 | 25.77 | 21.03.2014 |
| 5 | കക്കയം | 3 | 10.39 | 17.11.2014 |
| 6 | ചാത്തൻകോട്ടനട s-II | 6 | 14.76 | 05.03.2012 |
| 7 | ആഡ്യൻപാറ | 3.5 | 9.01 | 30.09.2009 |

കൂടാതെ 05/2015 ൽ പൂർത്തിയാകേണ്ട വെള്ളത്തൂവൽ SHEP 03/2016-ൽ പൂർത്തിയാകേണ്ട ഭൂതത്താൻകെട്ട് SHEP, 03/2017-ൽ പൂർത്തിയാകേണ്ട പൊരിങ്ങൽകുത്ത് SHEP എന്നീ

(....2)

ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. സ്വകാര്യ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളെക്കുറിച്ചുള്ള വിവരം അനുബന്ധം- 1 ആയി ചേർക്കുന്നു.

| | |
|---|---|
| (ബി) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ഇൻടേക്ക്ടണൽ നിർമ്മാണ പദ്ധതി ഏതു ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ടണൽ നിർമ്മാണം ഇപ്പോൾ 84 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഇപ്പോഴത്തെ പുരോഗതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി 2016 ഡിസംബറിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) മാങ്കുളം പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ടോ; ഇതു സംബന്ധിച്ച പർച്ചേസ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഇല്ല. പദ്ധതിക്കാവശ്യമായ 11.913 ഹെക്ടർ വനഭൂമി ഏറ്റെടുത്തിട്ടുണ്ട്. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതിക്കായി ഇതുവരെ ആകെ 14 പർച്ചേസ് കമ്മിറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ട്. 52.87 ഹെക്ടർ സ്വകാര്യ ഭൂമിയിൽ 29.42 ഹെക്ടർ ഭൂമിയുടെ വിലയിൽ ധാരണയാവുകയും 16.92 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 35.95 ഹെക്ടർ സ്വകാര്യ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്. |
| (ഡി) തൊട്ടിയാർ, വിരിപ്പാറ, രാജമല ഡൈവേർഷൻ കീരിത്തോട്, മാങ്കുളം രണ്ടാം ഘട്ടം എന്നീ പദ്ധതികളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ഡി) തോട്ടിയാർ പദ്ധതിയുടെ നിർമ്മാണം നടന്നുവരുന്നു വിരിപ്പാറ പദ്ധതിയുടെ പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തിയാക്കി റിപ്പോർട്ട് (പി.ഐ.ആർ) തയ്യാറാക്കി വരികയാണ്. രാജമല ഡൈവേർഷൻ സ്കീമിന്റെ സാധ്യതാ പഠനം പൂർത്തിയായി. പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ ജോലി ആരംഭിക്കുന്ന ഘട്ടത്തിലാണ് കീരിത്തോട് (ഇഞ്ചവാരകത്ത്) പദ്ധതി സ്വകാര്യ മേഖലയുടെ സഹകരണത്തോടെ BOOT വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു മാങ്കുളം രണ്ടാം ഘട്ടം പദ്ധതിയുടെ സർവ്വെ ജോലികളെല്ലാം പൂർത്തിയായിട്ടുണ്ട്. വിശദമായ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് (ഡി.ഐ.ആർ) തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**

5

**അനുബന്ധം 1**

സ്വകാര്യമേഖലയിൽ അനുവദിച്ചതും പൂർത്തിയാക്കാത്തതുമായ പദ്ധതികൾ.

1) 4MW - തുവലാർ (CPP)
2) 6MW - ആറ്റ് ലെ (CPP)
3) 3.5MW - കറുംപെട്ടി (IPP)
4) 3MW - അപ്പർവട്ടപ്പാറ (IPP)
5) 3MW - അപ്പർ പൊരിങ്കൽ (IPP)
6) 7MW - ലോവർ വട്ടപ്പാറ (IPP)
7) 3MW - പാൽച്ചുരം (IPP)
8) 3MW - മുക്കട്ടത്തോട് (IPP)
9) 3MW - ആലംപാറത്തോട് (IPP)

2003-2004 കാലഘട്ടത്തിൽ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര (IPP) ക്യാപ്റ്റീവ് (CPP) പദ്ധതികളായി അനുവദിച്ചതാണ് ഈ പദ്ധതികൾ.

ഈ പദ്ധതി നിർമ്മാണത്തിന് സാങ്കേതികസാമ്പത്തിക രൂപരേഖ (Techno Economic Feasibility Report-TEFR)തയ്യാറാക്കുന്നതിന് പതിനഞ്ച് മാസവും മറ്റ് അനുമതികളും അനുവാദങ്ങളും എടുക്കുന്നതിന് (ഫോറസ്റ്റ്, ഇറിഗേഷൻ, MO&EF മുതലായവ), ബാങ്കുമായിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ (Financial Closure) നടപടികളും പദ്ധതി നല്കിയ നാൾ മുതൽ 33 മാസത്തിനുള്ളിൽ തീർക്കേണ്ടതാണ്. ഇതിനുശേഷം 36 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കി സാങ്കേതിക അനുമതി വാങ്ങി ഉല്പാദനം തുടങ്ങേണ്ടതും ആണ്. മേൽപറഞ്ഞ പദ്ധതികളെല്ലാംതന്നെ സാങ്കേതികമായി 2010-ാം മാണ്ടിൽ പൂർത്തീകരിയ്ക്കേണ്ടതായിരുന്നു.

ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടാനുള്ള കാരണങ്ങൾ താഴെപറയുന്നതാണ്.

- <u>4MW- തുവലാർ</u>- ബിനാനി സിങ്ക് കമ്പനിയ്ക്ക് ക്യാപ്റ്റീവ് പദ്ധതിയായി അനുവദിച്ചതാണിത്. കമ്പനി പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക രൂപരേഖ (TEFR) സമർപ്പിച്ച് അനുമതി നേടി പദ്ധതിയ്ക്കാവശ്യമായ സ്ഥലം കടികിടപ്പുകാരിൽ നിന്നും ഏറ്റെടുക്കുകയും ഉണ്ടായി. ഇത് റവന്യൂപുറമ്പോക്കുസ്ഥലവും കാർഡമംസോണിൽ വരുന്ന പ്രദേശവുമായതിനാൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം തുടങ്ങുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുവാൻ കമ്പനി അപേക്ഷ നല്കിയെങ്കിലും കാർഡമംസോണിൽ പെട്ട സ്ഥലമായതിനാൽ അനുമതി ലഭിച്ചിട്ടില്ല. 2014 സെപ്റ്റംബർ മാസത്തോടെ തുടങ്ങാൻ പറ്റാത്ത പദ്ധതികളുടെ അനുമതി റദ്ദാക്കുമെന്ന് അറിയിപ്പുകൊടുത്തിട്ടുണ്ട്.

- 6MW- ആറ്റ് ലെ പദ്ധതി- ബിനാനി സിങ്ക് കമ്പനിയ്ക്ക് ക്യാപ്റ്റീവ് വിഭാഗത്തിൽ നിർമ്മാണത്തിനായി അനുവദിച്ച പദ്ധതിയാണ്. സ്ഥലമെടുപ്പും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനും ഇതുവരെ കഴിഞ്ഞിട്ടില്ല.

- 3MW അപ്പർ വട്ടപ്പാറ / 7MW ലോവർ വട്ടപ്പാറ – കാവേരി നദീതട തർക്കത്തിൽപെട്ട് കോടതി ഉത്തരവുപ്രകാരം നടപ്പിലാക്കുവാൻ സാധിയ്ക്കാത്തതിനാൽ ഇതിന്റെ താഴത്തുവരുന്ന 7MW ന്റെ ലോവർ വട്ടപ്പാറ പദ്ധതി കപ്പാസിറ്റി കുറച്ച് 3MW ആയി നിർമ്മിയ്ക്കുവാനുള്ള അനുമതിയ്ക്കായി ഈ പദ്ധതി BOOT അടിസ്ഥാനത്തിൽ ഏല്പിച്ച പാർക്സൺ കമ്പനി അപേക്ഷ നല്കിയിട്ടുണ്ട്.

- 3MW അപ്പർ പൊരിങ്ങിൽ പദ്ധതി - വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെ ബഫർസോൺസോ ണൽ പെടുമെന്ന കാരണത്താൽ സർവ്വേയ്ക്കുള്ള അനുമതി വനംവകുപ്പ് നൽകിയിട്ടില്ല.

- 3MW ന്റെ കറുംപെട്ടി പദ്ധതി - അണകെട്ടി വെള്ളം തടഞ്ഞുനിർത്തി കിട്ടുന്ന വെള്ളത്തിന്റെ ശക്തികൊണ്ട് നടത്തുവാൻ ഉദ്ദേശിച്ച പദ്ധതിയാണ്. നദിയുടെ ഒരുവശം വനമേഖലയും മറുവശം ലാഹ എസ്റ്റേറ്റിന്റെ (ഹാരിസൺ മലയാളം) അരുകിൻ പുഴപുറമ്പോക്കിൽ ആളുകൾ കുടിയേറി താമസിക്കുന്ന സ്ഥലവുമായതിനാൽ സബ്‌മേർജൻസ് കുറയ്ക്കുന്നതിനും പദ്ധതി സാമ്പത്തികമായി നടപ്പിലാക്കുന്നതിനും വേണ്ടി പദ്ധതിയുടെ സ്ഥാപിതശേഷി കുറച്ചു കിട്ടുന്നതിനായി ഈ പദ്ധതി അനുവദിച്ച പാർക്സൺ എസ്റ്റേറ്റ് എന്ന കമ്പനി അപേക്ഷ നല്കിയിട്ടുണ്ട്.

- 3MW വീതം സ്ഥാപിതശേഷി വരുന്ന പശ്ചാൽച്ചുരം , മുക്കട്ടത്തോട്, ആലംപാറത്തോട് എന്നീ ചെറുകിടജലവൈദ്യുതപദ്ധതികൾ ഏറ്റെടുത്ത് നടത്താൻ ഏല്പിച്ച ശ്രീ ശക്തി പേപ്പർ മിൽസ് എന്ന കമ്പനി പദ്ധതി പ്രദേശത്തെ സ്വകാര്യവ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുവാനുള്ള ബുദ്ധിമുട്ടിലാണ്. ഈ പദ്ധതികൾക്കും നിർമ്മാണപ്രവർത്ത്ത്തനങ്ങൾ ആരംഭിയ്ക്കുവാൻ കൊടുത്തിരിക്കുന്ന അവസാനസമയം 2014 സെപ്റ്റംബർ മാസം 30-ാം തീയതി വരെയാണ്.

സെക്ഷൻ ഓഫീസർ